## പതിമൂന്നാം കേരള നിയമ സഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 654 　　　　10.03.2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം
ശ്രീ. ജി.എസ്. ജയലാൽ

മറുപടി
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ, കല്ലുവാതുക്കൽ, പൂതക്കുളം, ആദിച്ചനല്ലൂർ, പൂയപ്പള്ളി, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരഭയിലുമായി ആകെ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുവെന്നും, ആയത് ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണെന്നും അറിയിക്കുമോ ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചാത്തന്നൂരിൽ 1, കല്ലുവാതുക്കലിൽ 2, പൂതക്കുളത്ത്2, ആദിച്ചനല്ലൂരിൽ 2, പൂയപ്പള്ളിയിൽ 1, ചിറക്കരയിൽ 1, പരവൂർ നഗര സഭയിൽ 2 എന്ന കണക്കിൽ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പൂയപ്പള്ളിയിലെ ഒരു ലൊക്കേഷനിലേക്കും, പരവൂർ നഗര സഭയിലെ 3 ലൊക്കേഷനിലേക്കും അക്ഷയ സംരംഭകരുടെ തിരഞ്ഞെടുപ്പ് പ്രക്രിയ അന്തിമഘട്ടത്തിലാണ്. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (ബി) | ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ/ നഗരസഭയുടെ പരിധിയിൽ എത്ര അക്ഷയ കേന്ദ്രങ്ങൾക്ക് വരെ അനുമതി നൽകാറുണ്ട് ; ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഒരു അക്ഷയ കേന്ദ്രം മാത്രമേ ഉള്ളുവെങ്കിൽ ജനങ്ങളുടെ | (ബി) | നിലവിലെ വ്യവസ്ഥകൾ അനുസരിച്ച ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4 ഉം, മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം കോർപ്പറേഷനുകളിൽ ജനസംഖ്യാനുപാതത്തിനനുസരിച്ച് അതാത് കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചാണ് പുതിയ അക്ഷയ |

| | | | |
|---|---|---|---|
| | സൗകര്യം പരിഗണിച്ച് കൂടുതൽ എണ്ണത്തിന് അനുമതി നൽകുവാൻ സന്നദ്ധമാകുമോ; | | കേന്ദ്രങ്ങൾക്ക് അനുമതി നൽകി വരുന്നത്. എന്നാൽ രണ്ടു അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോ മീറ്ററിൽ കൂടുതൽ ആയിരിക്കണം. മേൽ വിവരിച്ച വ്യവസ്ഥകൾക്ക് വിധേയമായി അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി വരുന്നു. |
| (സി) | പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിലേക്ക് എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളത്; അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും, അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ? | (സി) | വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**